(ബി) പൊതുമേഖലയിൽ (ബിവറേജസ് കോർപ്പറേഷൻ) 2674 പേരും സഹകരണ മേഖലയിൽ (കൺസ്യൂമർ ഫെഡ്) 352 പേരും ജോലി നോക്കുന്നു.

(സി) രണ്ട് അപേക്ഷകൾ നിലവിലുണ്ട്. അപേക്ഷകർ മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല. അവ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം ആകുന്നതാണ്.

(ഡി) ബിവറേജസ് കോർപ്പറേഷനിൽ താൽക്കാലിക തൊഴിലാളികൾ ആരും തന്നെ ജോലി നോക്കുന്നില്ല. എന്നാൽ ദിവസവേതനത്തിൽ 698 പേർ ജോലി നോക്കുന്നുണ്ട്. ദിവസവേതനക്കാരെ പ്രാദേശികതലത്തിലെ ആവശ്യകത അനുസരിച്ചാണ് നിയോഗിച്ചിട്ടുള്ളത്. ക്ളറിക്കൽ/ഡ്രൈവർ തസ്തികകളിൽ നിയോഗിക്കപ്പെട്ടവർക്ക് പ്രതിദിനം 140 രൂപ നിരക്കിലും ക്ളാസ് 4 ജീവനക്കാർക്ക് 120 രൂപ നിരക്കിലും നൽകുന്നു.

(ഇ) ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർക്കായി പ്രതിമാസം ശരാശരി 20 ലക്ഷം രൂപ ചെലവാക്കുന്നുണ്ട്.

കൊല്ലം ജില്ലയിലെ എക്സൈസ് വകുപ്പിലെ ഡ്രൈവർ നിയമനം

42(1318) ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എക്സൈസ് വകുപ്പിലെ എച്ച്.ഡി.വി. ഡ്രൈവർ തസ്തികയിലേക്കുള്ള 20-9-2003-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചു.

(ബി) ഈ തസ്തികയിൽ ജില്ലയിലെവിടെയെങ്കിലും ദിവസക്കൂലിക്ക് ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ?

ഉത്തരം

(എ) പതിനൊന്ന് പേരെ നിയമിച്ചു.

(ബി) ഇല്ല.

ട്രഷറികളുടെ അവസ്ഥ

43(1319) ശ്രീ. എം. എം. ഹസ്സൻ:

ശ്രീ. ബി. വിജയകുമാർ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിലവിലുള്ള യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ട്രഷറികളുടെ അവസ്ഥയെന്തായിരുന്നു;

(ബി) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയ എന്തു തുക യ്ക്കുള്ള ചെക്കുകളും ബില്ലുകളും പണമാക്കി മാറ്റാൻ കഴിയാതിരുന്നു;

(സി) പ്ളസ് ടു അദ്ധ്യാപകർക്ക് എന്തു തുകയുടെ ശമ്പളക്കുടിശ്ശികയു ണ്ടായിരുന്നു;

(ഡി) പണമില്ലാത്തതിനാൽ എത്ര അദ്ധ്യാപക തസ്തികകൾക്ക് സാംഗ്ഷൻ കൊടുക്കാതിരുന്നു;

(ഇ) കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുകയെത്രയായിരുന്നു;

(എഫ്) ഇപ്പോൾ ട്രഷറികളുടെ അവസ്ഥയെന്താണ് എന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) ട്രഷറി പേയ്മെന്റുകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിരു ന്നു. ധനകാര്യ വകുപ്പിൽ നിന്നുള്ള വെയ്സ് ആന്റ് മീൻസ് ക്ളിയറൻസിന്റെ അടി സ്ഥാനത്തിലാണ് മിക്കവാറും പേയ്മെന്റുകൾ നടന്നിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതും അനിശ്ചിതത്വത്തിലാ യിരുന്നു. പെൻഷൻകാർക്ക് ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷനും സമയത്ത് ലഭിച്ചിരുന്നി ല്ല.

(ബി) തീരെ ചെറിയ തുകയ്ക്കുള്ള ചെക്കുകളും ബില്ലുകളും പോലും പണ മാക്കി മാറ്റാൻ കഴിഞ്ഞിരുന്നില്ല. മൊത്തം എത്ര തുക വരുമെന്നുള്ളത് കണക്കാക്കി യിട്ടില്ല.

(സി) 2001-ൽ സർക്കാർ പുറപ്പെടുവിച്ച ധവള പത്ര പ്രകാരം 210 കോടി യോളം രൂപ പ്ളസ് ടു അദ്ധ്യാപകർക്ക് കുടിശ്ശികയായി നൽകാനുണ്ടായിരുന്നു.

(ഡി) പണമില്ലാത്തതിനാൽ അദ്ധ്യാപക തസ്തികകൾക്ക് അനുമതി കൊടു ക്കാതിരുന്നിട്ടില്ല.

(ഇ) 2001 മേയ് മാസത്തിൽ കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ 873 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(എഫ്) ഇപ്പോൾ നാമമാത്രമായി ചില ട്രഷറി നിയന്ത്രണങ്ങൾ മാത്രമെ അവശേഷിക്കുന്നുള്ളൂ. ഒരുലക്ഷം രൂപവരെയുള്ള ഏതു ചെലവും എല്ലാ ദിവസവും മാറാവുന്നതാണ്. പദ്ധതി ചെലവുകൾ, എൽ.സി. ചെക്കുകൾ, റിട്ടയർമെന്റ് ആനു കൂല്യങ്ങൾ തുടങ്ങിയവയ്ക്ക് യാതൊരു നിയന്ത്രണവുമില്ല. പദ്ധതിയേതര ചെലവിനെ സംബന്ധിച്ചടത്തോളം നിലവിൽ ഏതു കണക്കിനത്തിൽ നിന്നായാലും പ്രതിദിനം 50 ലക്ഷം രൂപ വരെ മാറാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly